www.modelquestionpapers.in

# FIRST TERM EVALUATION 2014 - 2015

## Malayalam Paper II

Std. 8

Time : 2 hrs.
Score : 50

നിർദ്ദേശങ്ങൾ :
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി വേണം ഉത്തരമെഴുതാൻ
- ഓരോ ചോദ്യത്തിന്റെയും സ്കോർ അതാത് ചോദ്യത്തിനു നേരെ നൽകിയിരിക്കുന്നു.

1. ശിശിരത്തിലെ ഓക്കുമരം എന്ന കഥയുടെ പ്രമേയം എന്ത്?

   1. പ്രകൃതിചൂഷണം
   2. പ്രകൃതിയോട് കുട്ടിയ്ക്കുണ്ടായ ആത്മബന്ധം
   3. വനവൽക്കരണം
   4. പ്രകൃതിക്ഷോഭം (2)

2. 'വിണ്ണവർവാരണം തന്നുടെ കൈയോളം

   വണ്ണമെഴുന്നുള്ള തുള്ളികളും'

   ഇത്തരത്തിലുള്ള അതിശയോക്തി പ്രയോഗങ്ങൾ കാവ്യസന്ദർഭത്തിനു നൽകുന്ന മെച്ചങ്ങൾ എന്തെല്ലാം? (2)

3. <u>തുലാമഴ</u>, <u>ഓണ</u>നിലാവ് - അടിവരയിട്ട പദങ്ങളുടെ സവിശേഷത എന്ത്? (2)

4. 'ശിശിരത്തിലെ ഓക്കുമരം' എന്ന പ്രയോഗത്തിലൂടെ പ്രകൃതിയുടെ സൂക്ഷ്മഭാവങ്ങൾ തിരിച്ചറിയുകയാണ് സവുഷ്കിൻ'. വിലയിരുത്തുക. (4)

5. 'വെറും ഓക്കുമരം എന്നു പറഞ്ഞാൽ ശരിയാവില്ല. അന്നവാസ്ലിയേവ്ന....'

   'ഞാൻ ടീച്ചറെ തിരിച്ചുകൊണ്ടുപോയേക്കാം' സവുഷ്കിന്റെ വാക്കുകൾ ശ്രദ്ധിച്ചല്ലോ?

   സവുഷ്കിന്റെ സ്വഭാവസവിശേഷതകൾ വ്യക്തമാക്കുക (4)

6. 'കാവുമുടിഞ്ഞാൽ കിണർവറ്റും'

   'പൂച്ചയെ തല്ലിയാൽ കൈവിറയ്ക്കും'

   പണ്ടുപണ്ടേയുള്ള ഇത്തരം വിശ്വാസങ്ങൾ പ്രകൃതിയുടെ നിലനിൽപ്പിന് സഹായകരമായിരുന്നു. ഈ അഭിപ്രായത്തിന്റെ സാധുത വിലയിരുത്തുക. (4)

7. പ്രകൃതി പല ഭാവത്തിൽ നമ്മോടൊപ്പമുണ്ട്, സാന്ത്വനമായി, സംരക്ഷകയായി, ഗുരുവായി, വിദ്യാലയമായി...... ഇത്തരത്തിൽ നിങ്ങൾക്കുണ്ടായ ഒരു അനുഭവം എഴുതുക. (4)

8. ചിലർക്കു മഴ കുസൃതി കാട്ടുന്ന കൂട്ടുകാരിയാണ്. ചിലർക്ക് മഴ ശല്യമാണ്. ചിലർക്ക് കൗതകവും സന്തോഷവും കുളിരും നൽകുന്ന അനുഭവമാണ്. നിങ്ങൾക്ക് മഴ എങ്ങനെ അനുഭവപ്പെടുന്നു? സ്വാഭിപ്രായം വ്യക്തമാക്കുക **(4)**

9. 'പ്രകൃതിസംരക്ഷണത്തിന്റെ ആവശ്യകത' എന്ന വിഷയത്തിൽ ലോകപരിസ്ഥിതി ദിനത്തിൽ നടത്താനുള്ള പ്രഭാഷണം തയ്യാറാക്കുക. **(6)**

10. ആസ്വാദനം തയ്യാറാക്കുക

'ഈ വല്ലിയിൽ നിന്നു ചെമ്മേ - പൂക്കൾ
പോവുന്നിതാ പറന്നമ്മേ
തെറ്റീനിനക്കുണ്ണീചൊല്ലാം നൽപൂ-
മ്പാറ്റകളല്ലേയിതെല്ലാം
മേൽക്കുമേലിങ്ങവപൊങ്ങി - വിണ്ണിൽ
നോക്കമ്മേയെന്തൊരു ഭംഗി
അയ്യോ പോയ് കൂടെക്കളിപ്പാൻ - അമ്മേ
വയ്യേയെനിക്കുപറപ്പാൻ' **(6)**

കുമാരനാശാൻ

11. അന്നവാസ്‌ലിയേവ്ന എന്ന ടീച്ചറെ നിങ്ങൾ പരിചയപ്പെട്ടല്ലോ. നിങ്ങളെ ഏറെ സ്വാധീനിച്ച ഒരധ്യാപകനെ / അധ്യാപികയെ പരിചയപ്പെടുത്താമോ? എന്തുകൊണ്ട് ഈ അധ്യാപികയെ നിങ്ങൾ ഏറെ ഇഷ്ടപ്പെട്ടു? **(6)**

12. മരവും മഴയും മനുഷ്യനും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. അതിനാൽ മരത്തേയും മഴയേയും സംരക്ഷിക്കേണ്ടത് മനുഷ്യധർമ്മം.

പ്രസ്താവനയോടുള്ള നിങ്ങളുടെ നിരീക്ഷണം ഉദാഹരണസഹിതം വ്യക്തമാക്കുക. **(6)**